# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഏഷ്യാ കപ്പ് ട്വന്റി ട്വന്റി ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്. ഫൈനലിൽ പാകിസ്ഥാനെ അഞ്ചു വിക്കറ്റിന് പരാജയപ്പെടുത്തി. ടീമിനെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

   **Asia Cup T20 Crown for India: Beat Pakistan by 5 Wickets in Final; President and PM Extend Congratulations.**

2. ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഡൽഹിയിലെ പുതിയ ബി.ജെ.പി. ഓഫീസ് ഉദ്ഘാടനം ചെയ്യും.

   **PM and Senior BJP Leader Narendra Modi to Inaugurate New BJP Office in Delhi Today.**

3. വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ജമ്മു കശ്മീരും വികസനത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ മുന്നേറുകയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Northeast States and Jammu & Kashmir Progressing on Path of Development and Peace: Home Minister Amit Shah.**

4. രാജ്യത്തുടനീളം 72 ആയിരത്തിലേറെ പൊതു ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി കേന്ദ്രം.

**Centre Issues Guidelines to Establish Over 72,000 Public EV Charging Stations Across the Country**

5. കേരളത്തിൽ, നിയമസഭ സമ്മേളനം ഇന്ന് പുനരാരംഭിക്കും. വോട്ടർപട്ടിക പരിശോധന സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിക്കും.

**Kerala Assembly Session to Resume Today; CM to Table Motion on Voter List Revision.**

6. "ഒരു സ്പന്ദനം പോലും നഷ്ടമാക്കരുത്" എന്ന പ്രമേയത്തിൽ ഇന്ന് ലോക ഹൃദയ ദിനം.

**World Heart Day Being Observed Today with the Theme 'Don't Miss a Beat'.**

**ASIA CUP(INTRO)**

ഏഷ്യാ കപ്പ് ട്വന്റി ട്വന്റി ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്. ദുബായിൽ നടന്ന ഫൈനലിൽ പാകിസ്ഥാനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി യാണ് ഇന്ത്യയുടെ കിരീട നേട്ടം. തിലക് വർമ്മയുടെ അർദ്ധ സെഞ്ചുറിയാണ് ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ പാകിസ്ഥാൻ 146 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ 19.4 ഓവറിൽ 150 റൺസ് എടുത്ത് വിജയികളാവുകയായിരുന്നു. ഇന്ത്യയുടെ ഒൻപതാമത് ഏഷ്യാ കപ്പ് കിരീടമാണിത്. അതേസമയം, എ.സി.സി പ്രസിഡന്റും പാകിസ്ഥാൻ ആഭ്യന്തര മന്ത്രിയുമായ മൊഹ്സിൻ നഖ്‌വിയുടെ സാന്നിധ്യത്തിൽ ട്രോഫി കൈപ്പറ്റാൻ ഇന്ത്യ വിസമ്മതിച്ചു. ടൂർണമെന്റിൽ നിന്നുള്ള തന്റെ മുഴുവൻ മാച്ച് ഫീസും ഇന്ത്യൻ സൈന്യത്തിന് സംഭാവന ചെയ്യുമെന്ന് ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവ് പ്രഖ്യാപിച്ചു.

( വോയിസ്.... )

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP CONGRATULATIONS

ഏഷ്യാ കപ്പ് നേടിയ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ. ഭാവിയിലും ഇത്തരം വിജയങ്ങൾ തുടരട്ടെയെന്ന് രാഷ്ട്രപതി ആശംസിച്ചു. ഓപ്പറേഷൻ സിന്ദൂറിൽ ഉണ്ടായ അതേ ഫലം ഏഷ്യാ കപ്പിലെ ഇന്ത്യ-പാകിസ്ഥാൻ ഫൈനലിലും ആവർത്തിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

## PM-DELHI BJP OFFICE

ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഡൽഹിയിലെ പുതിയ ബി.ജെ.പി. ഓഫീസ് ഉദ്ഘാടനം ചെയ്യും. നവരാത്രി ആഘോഷങ്ങളോടൊപ്പമാണ് ഉദ്ഘാടനം നടക്കുന്നത്. പാർട്ടി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ പി നഡ്ഡ, മുതിർന്ന നേതാക്കൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

## PM MANN KI BAAT

സ്വദേശി ഉത്പന്നങ്ങൾ വാങ്ങുന്നതിലൂടെ രാജ്യത്തെ സ്വയംപര്യാപ്തമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വരാനിരിക്കുന്ന ഉത്സവാഘോഷ വേളകളിൽ സ്വദേശി ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് അദ്ദേഹം ഇന്നലെ മൻ കി ബാത്തിലൂടെ ജനങ്ങളോട് ആഹ്വാനം ചെയ്തു. ശുചിത്വം വീടുകളിൽ മാത്രമായി പരിമിതപ്പെടുത്തരുതെന്നും പ്രധാനമന്ത്രി പറഞ്ഞു.

## AMIT SHAH

വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ജമ്മു കശ്മീരും വികസനത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ മുന്നേറുകയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

ന്യൂഡൽഹിയിൽ നക്സൽ മുക്ത ഭാരതം സംബന്ധിച്ച ദേശീയ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

❁❁❁❁❁❁❁❁❁❁❁❁❁

## EV CHARGING STATIONS

പിഎം ഇ-ഡ്രൈവ് പദ്ധതി പ്രകാരം രാജ്യത്തുടനീളം ഏകദേശം 72,300 പൊതു ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്രം. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സർക്കാർ ഓഫീസുകൾ, റെസിഡൻഷ്യൽ കോളനികൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇവി ചാർജിംഗ് ഉപകരണങ്ങളിൽ 100 ശതമാനം സബ്‌സിഡിക്ക് അർഹതയുണ്ടായിരിക്കും. അടിസ്ഥാന സൗകര്യ ചെലവുകളുടെ 80 ശതമാനവും ചാർജിംഗ് ഉപകരണ ചെലവിന്റെ 70 ശതമാനവും കേന്ദ്രം വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## LA -KERALA

കേരളത്തിൽ, നിയമസഭ സമ്മേളനം ഇന്ന് പുനരാരംഭിക്കും. ചൊവ്വാഴ്ച പിരിയുന്ന സഭ പിന്നീട് ഒക്ടോബർ ആറു മുതൽ 10 വരെ ചേരും. വോട്ടർപട്ടിക പരിശോധന സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും.

## CM WITH ME

പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും മുഖ്യമന്ത്രിയോട് പറയുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ ഇന്ന് പ്രവർത്തനം ആരംഭിക്കും. 1800-425-6789 എന്ന ടോൾഫ്രീ നമ്പരിലൂടെ ജനങ്ങൾക്ക് മുഖ്യമന്ത്രിയോട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും പറയാം. 'സി എം വിത്ത് മി' സംവിധാനം പൊതുജന പങ്കാളിത്തത്തോടെ ഭരണനിർവഹണം കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള നാഴികക്കല്ല് ആകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

## WORLD HEART DAY

ഇന്ന് ലോക ഹൃദയ ദിനം. ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും ഹൃദയ സംബന്ധമായ രോഗങ്ങൾ പ്രതിരോധിക്കുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "ഒരു സ്പന്ദനം പോലും നഷ്ടപ്പെടുത്തരുത്" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഹൃദയ ദിനത്തോട് അനുബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന സിപിആർ പരിശീലന ബോധവത്ക്കരണ യജ്ഞം ഹൃദയപൂർവത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

## VP ILF PATNA

വിവിധ ഭാഷകളിലെ സാഹിത്യം പരസ്പരം മനസ്സിലാക്കുന്നത്, ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. പട്നയിൽ ഉന്മേഷ - അന്താരാഷ്ട്ര സാഹിത്യോത്സവം മൂന്നാം പതിപ്പിൻ്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുരാതന കാലത്തെ ഒരു വൈജ്ഞാനിക കേന്ദ്രമാണ് ബീഹാർ എന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

## EC-CENTRAL OBSERVERS

ബിഹാറിൽ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനും വിവിധ സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ ഉപതിരഞ്ഞെടുപ്പുകൾക്കും കേന്ദ്ര നിരീക്ഷകരെ വിന്യസിക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. സ്വതന്ത്രവും നീതിയുക്തവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ 320 ഐഎഎസ് , 60 ഐപിഎസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ ആകെ 470 ഉദ്യോഗസ്ഥരെ കേന്ദ്ര നിരീക്ഷകരായി വിന്യസിക്കും. ഓരോ മണ്ഡലത്തിലെയും തിരഞ്ഞെടുപ്പ് പ്രക്രിയ നിരീക്ഷിക്കുകയും മെച്ചപ്പെടുത്തേണ്ട മേഖലകൾ തിരിച്ചറിഞ്ഞ് പ്രവർത്തനക്ഷമമായ ശിപാർശകൾ നൽകുകയും ചെയ്യും.

## SEVA PARV – PM GATISHAKTI (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, പ്രധാനമന്ത്രി ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാനിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിപ്ലവം സൃഷ്ടിച്ചതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

(voice)

(music)

## SEVA PARV – PM GATISHAKTI (VOICE)

രാജ്യത്തെ അടിസ്ഥാന സൗകര്യ മേഖല ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പിഎം ഗതിശക്തി സംരംഭമാണ് ഇതിന്റെ കാതൽ. സമഗ്രമായ ഭരണ സംവിധാനത്തിന്റെ വികാസമാണ് ഗതിശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ***(പി എം ബൈറ്റ്)***

2021-ൽ ആരംഭിച്ച പിഎം ഗതിശക്തി, വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഏകോപിപ്പിച്ച്, സുഗമമായ പദ്ധതി നിർവ്വഹണത്തിലൂടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുകയാണ്. ജിഐഎസ് അധിഷ്ഠിത മാപ്പിംഗ്, തത്സമയ നിരീക്ഷണം, മൾട്ടിമോഡൽ കണക്റ്റിവിറ്റി എന്നിവ ഉപയോഗിച്ച്, സുസ്ഥിര അടിസ്ഥാന

സൗകര്യങ്ങൾ നിർമ്മിക്കുകയും 2047 ഓടെ വികസിത രാഷ്ട്രമായി മാറുന്നതിനുള്ള ഇന്ത്യയുടെ മുന്നേറ്റത്തിന് ശക്തി പകരുകയും ചെയ്യുന്നു.

(music)

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW - BIHAR TRAINS

പട്ന ജംഗ്ഷനിൽ നിന്ന് ബിഹാറിലേക്കുള്ള ഏഴ് ട്രെയിനുകൾ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവും ബിഹാർ ഉപമുഖ്യമന്ത്രി സാമ്രാട്ട് ചൗധരിയും ചേർന്ന് ഇന്ന് ഉദ്ഘാടനം ചെയ്യും. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും നാല് പാസഞ്ചർ ട്രെയിനുകളുമാണ് ഉദ്ഘാടനം ചെയ്യുന്നത്. ശ്രീ വൈഷ്ണവ് ഓൺലൈനായാണ് പരിപാടിയിൽ പങ്കെടുക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## NEXT GEN-GST FOOD ITEMS

സാധാരണക്കാർക്ക് ആശ്വാസമായി ഈ മാസം 22 നു പ്രാബല്യത്തിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ. പിസ്സ ബ്രെഡ്, ചപ്പാത്തി, പറോട്ട എന്നിവ പൂർണ്ണമായും നികുതി രഹിതമാക്കി. ഇതോടൊപ്പം കറി പേസ്റ്റ്, മയോണൈസ്, മിക്സഡ് മസാലകൾ തുടങ്ങിയവയുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചിട്ടുണ്ട്. സ്വദേശി ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകി ആഭ്യന്തര വ്യവസായങ്ങൾ, ചെറുകിട കച്ചവടക്കാർ, പ്രാദേശിക

കരകൗശല വിദഗ്ധർ, എംഎസ്എംഇകൾ എന്നിവയെ പിന്തുണയ്ക്കണമെന്ന് പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുന്നോടിയായി പ്രധാനമന്ത്രി ആഹ്വാനം ചെയ്തിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**IMD KERALA**

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ശക്തമായ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**IMD-WEATHER**

സൗരാഷ്ട്ര, കച്ച്, ഗുജറാത്ത്, കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും ഇന്ന് ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ബീഹാർ, ജാർഖണ്ഡ്, മധ്യപ്രദേശ്, ഒഡീഷ, തെലങ്കാന തുടങ്ങിയ ഇടങ്ങളിൽ ഇടിമിന്നലിനു സാധ്യതയുണ്ടെന്നും മുന്നറിയിപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁

**LEH-CURFEW**

ലഡാക്കിന് സംസ്ഥാന പദവി ആവശ്യപ്പെട്ട് സംഘർഷ സാഹചര്യമുണ്ടായ ലേ-യിൽ കർഫ്യൂ തുടരുന്നു. മൊബൈൽ ഇൻ്റർനെറ്റ് സേവനങ്ങളും നിർത്തിവെച്ചിരിക്കുകയാണ്. സുരക്ഷാ സാഹചര്യം വിലയിരുത്തുന്നതിനായി ലഡാക്ക് ലെഫ്റ്റനൻ്റ് ഗവർണർ കവീന്ദർ ഗുപ്ത ഉന്നതതല യോഗം വിളിച്ചു.

## INDIA DIASPORA ICELAND

ഐസ്‌ലാൻഡിലെ ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിൽ 'വികസിത് ഭാരത് റൺ സംഘടിപ്പിച്ചു. അംബാസഡർ ആർ. രവീന്ദ്ര ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയും വികസിത് ഭാരത് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. സ്വയംപര്യാപ്തവും വികസിതവുമായ ഭാരതം കെട്ടിപ്പടുക്കുന്നതിലേക്ക് സംഭാവന ചെയ്യാൻ ഇന്ത്യൻ പ്രവാസികളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'വികസിത് ഭാരത് റൺ' സംഘടിപ്പിച്ചത്.